**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1653** | | | **10.02.2020-ൽ മറുപടിയ്ക്ക്** |
|---|---|---|---|
| **തമ്പാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇരുനിലകെട്ടിട നിർമ്മാണം** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.വി.എസ്.ശിവകുമാർ** | | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ തമ്പാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇരുനിലകെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി 1.20 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും ആദ്യഘട്ടമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന സ്കീമിൽ നിന്നും 60 ലക്ഷം രൂപ അനുവദിക്കുകയും ഒന്നാംഘട്ടം നിർമ്മാണത്തിനായി 2017-ൽ ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്ത് രണ്ടു വർഷം കഴിഞ്ഞിട്ടും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് അനുമതി നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (എ) യും (ബി) യും (സി) യും | ഉണ്ട്. ടി വിഷയം തിരുവനന്തപുരം നഗരസഭയുടെ മരാമത്ത് കമ്മിറ്റി മുഖേന കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കൗൺസിൽ തീരുമാനം ലഭ്യമായിട്ടില്ല. കൂടാതെ സ്മാർട്ട് സിറ്റി പ്രോജക്ടിൽ (Upgradation of Public Health Centres - PHCS) ഉൾപ്പെടുത്തി തിരുവനന്തപുരം രാജാജി നഗറിൽ സ്ഥിതി ചെയ്യുന്ന പബ്ലിക് ഹെൽത്ത് സെന്ററിന്റെ നിർമ്മാണത്തിനായി Rs.1,69,70,000/- രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം നഗരസഭാ കൗൺസിലിന്റെ പരിഗണനയിലാണെന്നറിയിച്ചിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയുമുണ്ടാകാത്തതിലെ കാരണം വ്യക്തമാക്കുമോ; | | |
| (സി) | തുക ലാപ്സായി പോകാതിരിക്കുന്നതിനും ഇനിയും കാലതാമസം ഉണ്ടാകാതിരിക്കാനും സാധാരണക്കാരുടെ ആവശ്യത്തിനായി നിർമ്മിക്കുന്ന പി.എച്ച്.സി. കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് നഗരസഭയുടെ അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിനും സർക്കാർ അടിയന്തിര നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ